ദേശാഭിമാനി
Palakkad edition
Dated 14-10-2025
Page no : 9 Column no : 6

# സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

**പാലക്കാട്**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ് ഞായറാഴ്ച പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ. വ്യാഴാഴ്ചയ്ക്കുമുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണം. വെബ്സൈറ്റ് www.throwballkerala.com. ഫോൺ: 9447742821.

ദേശാഭിമാനി

Palakkad education
Dated 21-10-2025
Page no: 4 Column no: 6,7&8

### ജില്ലാ സീനിയർ ത്രോബോൾ

# പല്ലശന സ്ട്രൈക്കേഴ്സ് ക്ലബ്ബും വിഐഎം സ്കൂളും ചാമ്പ്യന്മാർ

**കൊല്ലങ്കോട്**

ജില്ലാ സീനിയർ ത്രോബോൾ പുരുഷ വിഭാഗത്തിൽ പല്ലശന സ്ട്രൈക്കേഴ്സ് ക്ലബ്ബും വനിതാവിഭാഗത്തിൽ വിഐഎം സ്കൂളും ചാമ്പ്യന്മാർ. അക്കാദമി ഡ്രീംസ് ത്രോബോൾ അക്കാദമി എന്നിവർ പുരുഷ വിഭാഗത്തിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. വനിതാ വിഭാഗത്തിൽ ത്രോബോൾ സ്റ്റാർ രണ്ടാംസ്ഥാനം കരസ്ഥമാക്കി. ഫ്രണ്ട്സ് ക്ലബ് നെന്മാറ, ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് എന്നിവർ മൂന്നാംസ്ഥാനം പങ്കിട്ടു. ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് കെ അശോകൻ ഉദ്ഘാടനം ചെയ്തു. കേരള ത്രോബോൾ അസോസിയേഷൻ ട്രഷറർ എ ആർ മുഹമ്മദ് റാഫി അധ്യക്ഷനായി. ത്രോബോൾ ഫെഡറേഷൻ അംഗം കെ പ്രദീപ്, ബി സ്മിത, സി മോഹൻദാസ്, എൻ സുജിത്, പി ബി ഗൗതം കൃഷ്ണ എന്നിവർ സംസാരിച്ചു. വിജയികൾക്ക് പല്ലശന പഞ്ചായത്ത് പ്രസിഡന്റ് എൽ സായ് രാധ സമ്മാനങ്ങൾ നൽകി. പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ പിടിഎ പ്രസിഡന്റ് ആർ മനോജ് അധ്യക്ഷനായി. നവംബർ അഞ്ച് മുതൽ എറണാകുളത്ത് നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.




ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗം ചാമ്പ്യന്മാരായ പല്ലശന സ്ട്രൈക്കേഴ്സ് ക്ലബ് ടീം



വനിതാ വിഭാഗം ചാമ്പ്യന്മാരായ പല്ലശന വിഐഎംഎച്ച്എസ് ടീം

Mathrubhumi
മാതൃഭൂമി
Palakkad edition
Dated 21-10-2025
Page no:2 Column no: 5

# ജില്ലാ സീനിയർ ത്രോബോൾ ജേതാക്കൾ

**കൊല്ലങ്കോട് ►** പല്ലശ്ശനയിൽ സമാപിച്ച പലക്കാട് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ പല്ലശ്ശന സ്ട്രൈക്കേഴ്സ് ക്ലബും, വനിതാ വിഭാഗത്തിൽ പല്ലശ്ശന വിഐഎം ഹയർസെക്കൻഡറി സ്കൂളും ജേതാക്കളായി. പുരുഷവിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമിയും വനിതാ വിഭാഗത്തിൽ ത്രോബോൾ സ്റ്റാർസും രണ്ടാം സ്ഥാനം നേടി. ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് കെ. അശോകൻ ഉദ്ഘാടനംചെയ്തു.

കേരള ത്രോബോൾ അസോസിയേഷൻ ട്രഷറർ എ.ആർ. മുഹമ്മദ് റാഫി അധ്യക്ഷനായി. കെ. പ്രദീപ്, ബി. സ്മിത, സി. മോഹൻദാസ്, എൻ. സുജിത്ത്, പി.ബി. ഗൗതംകൃഷ്ണ, ആർ. മനോജ് എന്നിവർ സംസാരിച്ചു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എൽ. സായിരാധ സമ്മാനങ്ങൾ നൽകി.